# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No. 215/PR/PIC/PHQ/18 Date 22.08.2018

## ക്യാമ്പുകളുടെ സുരക്ഷ ഉറപ്പാക്കും

സംസ്ഥാനത്ത് ദുരിത ബാധിതർ താമസിക്കുന്ന ക്യാമ്പുകളിൽ ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പുറപ്പെടുവിച്ചു. എല്ലാ ക്യാമ്പുകളിലും ആവശ്യത്തിനു പോലീസുദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തും. ദുരിതബാധിതരായ ആളുകളെയാവണം ക്യാമ്പുകളിൽ താമസിപ്പിക്കേണ്ടത്. ക്യാമ്പിൽ അംഗങ്ങളല്ലാത്തവരെ അനുവാദമില്ലാതെ ഉള്ളിൽ പ്രവേശിപ്പിക്കുകയില്ല. ക്യാമ്പുകളിലും പരിസരപ്രദേശങ്ങളും ലോക്കൽ പോലീസ് ഗ്രൂപ്പ് പട്രോളിങ് നടത്തണം.

ക്യാമ്പിലേയ്ക്ക് പുറത്തുനിന്നും വിവിധ സാധനങ്ങളും ഭക്ഷ്യവസ്തുക്കളും നല്കുന്നവർ ബന്ധപ്പെട്ട ചാർജ് ആഫീസർ മുഖേന അതു നല്കണം. ക്യാമ്പിനുള്ളിലെ എല്ലാ ദുരിതാശ്വാസ പ്രവർത്തനങ്ങളും ചുമതലയുള്ള ആഫീസർമാരുടെ നേതൃത്വത്തിലാവണം. അന്തേവാസികളുടെ സ്വകാര്യത ഉറപ്പാക്കാനും നിർദ്ദേശം നൽകി. ക്യാമ്പിനുള്ളിലും പുറത്തും ക്രിമിനൽ പ്രവർത്തനങ്ങൾക്കുള്ള സാഹചര്യം ഒഴിവാക്കണം. പോലീസ് ക്യാമ്പുകളിൽ ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥർ ഇക്കാര്യം ഉറപ്പുവരുത്തണം. ക്യാമ്പിലെ മുഖ്യചുമതലയുള്ള ഉദ്യോഗസ്ഥനുമായും മറ്റു ഉദ്യോഗസ്ഥരുടെയും നിർദ്ദേശപ്രകാരമാണ് ഡ്യൂട്ടിക്കുള്ള പോലീസുദ്യോഗസ്ഥർ പ്രവർത്തനം നടത്തേണ്ടതെന്നും സംസ്ഥാന പോലീസ് മേധാവി നിർദേശം നല്കി.

*********